കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച തുക

31 (2744) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിക്കുന്നതായി 1999-2000 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രസ്തുത തുക ക്ഷേമനിധിബോർഡിന് നൽകിയോ ;

(ബി) തുക നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഇക്കൊല്ലം തന്നെ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ ഇനീഷ്യൽ കോർപ്പസ്സായി 10 കോടി രൂപ നൽകുമെന്നാണ് പ്രഖ്യാപിച്ചത്. ക്ഷേമനിധിയുടെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രഖ്യാപിച്ച പണം നൽകാനായിട്ടില്ല.

(സി) കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ രൂപീകരണം സംബന്ധിച്ച നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് നിധിയിലേക്കുള്ള സർക്കാർ വിഹിതം അനുവദിക്കുന്നതാണ്.

തടിയുടെമേൽ പർച്ചേസ് ടാക്സ്

32 (2745) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടിയുടെമേൽ പർച്ചേഴ്സ് ടാക്സ് നിലവിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പുതിയതായി തടിയുടെമേൽ പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദ വിവരം നൽകാമോ ;

(സി) പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്തിയാൽ തടിവ്യവസായം പ്രതിസന്ധിയിലാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പർച്ചേഴ്സ് ടാക്സ് ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കുമോ ;

(ഇ) റബ്ബർ, മറ്റ് പാഴ്മരങ്ങൾ എന്നിവ ഉപയോഗിച്ച് നടത്തുന്ന വ്യവസായങ്ങളുടെ ജനറൽ സെയിൽസ് ടാക്സ് നാലു ശതമാനമാക്കി നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലില്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി & ഡി) ബാധകമല്ല.

(ഇ) രാസപ്രക്രീയയ്ക്ക് വിധേയമാക്കിയ റബ്ബർ മരത്തിന്റെ നികുതി 4% മായി കുറച്ചിട്ടുണ്ട്. പാക്കിംഗ് കെയ്സ്, തീപ്പെട്ടി തുടങ്ങിയവ ഉണ്ടാക്കാനുപ യോഗിക്കുന്ന പാഴ്മരങ്ങളുടെ പർച്ചേഴ്സ് ടാക്സും 4 ശതമാനമാക്കിയിട്ടുണ്ട്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ്

33 (2746) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആയി രൂപാന്തരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിന്റെ അക്കൗണ്ടിൽ ചേർത്തിട്ടുണ്ടോ ;

(സി) ഈ തുക ഉപയുക്തമാക്കി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി &ഡി) സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആയി മാറ്റുന്നതിനുള്ള തീരുമാനം ന്യൂഡൽഹി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എൽ.ഐ.പി.എഫ്.പി. യുമായി ആലോചിച്ചുവെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ പ്രായോഗിക നടപടികളിലേയ്ക്ക് നീങ്ങിയിട്ടില്ല.

കായംകുളം മണ്ഡലത്തിലെ ട്രഷറികൾ

34 (2747) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ മുതുകുളത്ത് പ്രവർത്തിക്കുന്ന ഏകാംഗ ട്രഷറി എത്രയും വേഗം സബ് ട്രഷറിയാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly